# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 7773 23.07.2012-ലെ മറുപടിക്ക്**

## ഇന്ധനവില വർദ്ധനവ് മൂലമുള്ള അധിക ബാദ്ധ്യത

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി

ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

**(എ)** ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ധനവിലയിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായി എന്ന് അറിയിക്കുമോ;

ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ധനവിലയിലുണ്ടായ വ്യതിയാനം ഇപ്രകാരമാണ്.

| ക്രമ നം | വർദ്ധിപ്പിച്ച / കുറവ് ചെയ്ത തീയതി | പെട്രോൾ | | ഡീസൽ | | പാചക വാതകം |
|---|---|---|---|---|---|---|
| | | വിലയിൽ വന്ന വർദ്ധനവ് | വിലയിൽ വന്ന കുറവ് | വിലയിൽ വന്ന വർദ്ധനവ് | വിലയിൽ വന്ന കുറവ് | വിലയിൽ വന്ന വർദ്ധനവ് |
| 1 | 25.06.2011 | | | 3.47 | | 52.01 |
| 2 | 29.06.2011 | | | | 0.76 | |
| 3 | 01.07.2011 | 0.28 | | 0.20 | | 3.98 |
| 4 | 16.09.2011 | 3.36 | | | | |
| 5 | 03.11.2011 | 1.82 | | | | |
| 6 | 16.11.2011 | | 1.85 | | | |
| 7 | 17.11.2011 | 0.37 | | | | |
| 8 | 01.12.2011 | | 0.98 | | | |
| 9 | 01.04.2012 | | | | | 4.00 |
| 10 | 24.05.2012 | 7.92 | | | | |
| 11 | 03.06.2012 | | 1.68 | | | |
| 12 | 05.06.2012 | 0.47 | | | | |

ഇതു കൂടാതെ മണ്ണെണ്ണയ്ക്ക് 25.06.2011 ൽ 2.14 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്.

**(ബി)** ഇന്ധനവില വർദ്ധനവിലൂടെ എന്ത് അധികവരുമാനമുണ്ടായി എന്നറിയിക്കുമോ;

ഈ സർക്കാർ അധികാരമേറ്റശേഷം പെട്രോൾ, ഡീസൽ എന്നിവയ്ക്ക് വിലവർദ്ധനവുണ്ടായപ്പോഴെല്ലാം ആ വിലവർദ്ധനവിൻ മേലുണ്ടാകുന്ന അധിക നികുതി വേണ്ടെന്ന് വയ്ക്കുകയും ഇതിനുവേണ്ടി റവന്യൂ ന്യൂട്രൽ റേറ്റിലുള്ള നികുതി നിരക്ക് കണ്ടെത്തുകയും, നിലവിൽ ലഭിച്ചുകൊണ്ടിരുന്ന നികുതി മാത്രം വിലവർദ്ധനവ് വരുമ്പോഴും കിട്ടത്തക്കവിധം നികുതി നിരക്ക് കുറച്ച് ക്രമീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് 14.05.2011 ൽ എണ്ണക്കമ്പനികൾ പെട്രോളിന് വരുത്തിയ വിലവർദ്ധനയും, ഡീസലിന് കേന്ദ്രസർക്കാർ 25.06.2011 ന് വരുത്തിയ വിലവർദ്ധനവും ഉൾപ്പെടെ 5 തവണ അധിക നികുതി വരുമാനം വേണ്ടെന്ന് വച്ചിട്ടുണ്ട്. ഇതിനാൽ സംസ്ഥാന സർക്കാരിനുണ്ടായ നികുതി നഷ്ടം താഴെ സൂചിപ്പിച്ചിരിക്കുന്നു.

| കേന്ദ്ര സർക്കാർ/എണ്ണക്കമ്പനികൾ വില വർദ്ധിപ്പിച്ച / കുറവ് ചെയ്ത തീയതി | പ്രതിമാസം സംസ്ഥാനത്തിനുണ്ടായ നികുതി നഷ്ടം (കോടിയിൽ) |
|---|---|
| 14.05.2011 | 11.00 |
| 16.09.2011 | 9.08 |
| 03.11.2011 | 5.10 |
| 24.05.2012 | 22.48 |
| 25.06.2011 (ഡീസൽ) | 13.07 |

**(സി)** ഇന്ധനവില വർദ്ധനവിന്റെ ഫലമായി സർക്കാർ വാഹനങ്ങൾക്കുണ്ടായ അധികച്ചെലവുമൂലം സർക്കാരിന് ഉണ്ടായ ആകെ അധിക ബാധ്യത എത്രയെന്ന് വിശദമാക്കുമോ?

ഇന്ധനവില വർദ്ധനയുടെ ഫലമായി സർക്കാർ വാഹനങ്ങൾക്കുണ്ടായ അധിക ചെലവുമൂലം സർക്കാരിനുണ്ടായ അധിക ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ